**A** **5001**

# സമഗ്രശിക്ഷാ കേരളം

## പാദവാർഷിക മൂല്യനിർണ്ണയം 2023-24

## ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് : 5 | സമയം : 2 മണിക്കൂർ

ആകെ സ്കോർ : 45

**പൊതുനിർദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

---

### ആരോഗ്യ-കായിക വിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** **(4 x 1 = 4)**

1. ഹൃദയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനായി നിങ്ങൾ തിരഞ്ഞെടുക്കുന്നതേത്?
   (ഭക്ഷണം, വ്യായാമം, വീഡിയോ ഗെയിം, വായന)
2. നമ്മുടെ ശരീരം ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി ആഹാരത്തിൽ നിന്നും ................................ ഉൽപാദിപ്പിക്കുന്നു.
   (നൈട്രജൻ, കാർബൺ ഡൈഓക്സൈഡ്, ഓക്സിജൻ, ഊർജ്ജം)
3. ചൂണ്ടുവിരലും, നടുവിരലും ഉപയോഗിച്ച് ശ്വാസനാളത്തിന്റെ താഴെ സാവധാനം അമർത്തി പരിശോധിച്ചാൽ ............... തിരിച്ചറിയാം.
   (പൾസ്, ക്ഷീണം, വേദന, ഉത്കണ്ഠ)
4. ശരീരോഷ്മാവ് കണ്ടെത്താനുള്ള ഉപകരണത്തിന്റെ പേര്?
   (സ്റ്റെതസ്കോപ്പ്, ബാരോമീറ്റർ, തെർമോമീറ്റർ, ഗോണിയോമീറ്റർ)
5. ഹൃദയമിടിപ്പ് വിശ്രമാവസ്ഥയിലേക്ക് കൊണ്ടുവരുവാൻ .................................. സഹായിക്കുന്നു.
   (വാമിങ്അപ്പ്, വെയ്റ്റ് ട്രെയിനിംഗ്, 100 മീറ്റർ ഓട്ടം, കൂളിങ് ഡൗൺ)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** **(4 x 2 = 8)**

6. വാമിങ്അപ്പ് എന്നാൽ എന്ത്?
7. നാഡീസ്പന്ദനം (പൾസ്) എന്നാൽ എന്ത്?
8. 'എന്റെ ശരീരം' എന്ന പാഠഭാഗത്ത് നിങ്ങൾ പരിചയപ്പെട്ട രണ്ടു കളികളുടെ പേര് എഴുതുക.
9. കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ വിയർപ്പ് ഉണ്ടാകുന്നത് എന്തുകൊണ്ട്?
10. ചുറുചുറുക്ക് ആവശ്യമായി വരുന്ന കളികൾ ഏതെല്ലാം?

**11, 12 ചോദ്യങ്ങളിൽ ഒന്നിന് ഉത്തരമെഴുതുക.** **(1 x 3 = 3)**

11. വിവിധ കളികളിൽ ഏർപ്പെടുമ്പോൾ ശരീരത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുന്നു?
12. കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ക്ഷീണം അനുഭവപ്പെടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

# കലാവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** **(4 x 1 = 4)**

1. രാജാക്കന്മാരിലെ ചിത്രകാരനും ചിത്രകാരന്മാരിലെ രാജാവും എന്ന വിശേഷണം ഏത് ചിത്രകാരനെക്കുറിച്ചാണ്?
   (എം.എഫ് ഹുസൈൻ, രാജാരവിവർമ്മ, ഗഗനേന്ദ്രനാഥ ടാഗോൾ, പിക്കാസോ)
2. 'തിത്തിത്താരാ തിത്തിതെയ്യ് തിത്തെയ് തക തെയ് തെയ് തോം' ഈ രീതിയിൽ ഒരു പാട്ടിനെ കൂടുതൽ ഇമ്പമുള്ളതാക്കാൻ സഹായിക്കുന്ന, താളത്തിലും ഈണത്തിലും അക്ഷരങ്ങളെ ഉച്ചരിക്കുന്ന രീതിയെ ...................... എന്ന് പറയുന്നു.
   (പുള്ളുവൻപാട്ട്, വായ്ത്താരി, അഷ്ടപദി, ജതിസ്വരം)
3. "മോഹിനിയാട്ടം - ചരിത്രവും ആട്ടപ്രകാരവും" എന്ന കൃതിയുടെ രചയിതാവായ, കേരളത്തിലെ പ്രശസ്ത മോഹിനിയാട്ട നർത്തകി ആര്?
   (കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ, പത്മാസുബ്രഹ്മണ്യം, യാമിനികൃഷ്ണമൂർത്തി, രുഗ്മിണീദേവി അരുണ്ഡേൽ)
4. ശബ്ദത്തിലൂടെ മാത്രം അവതരിപ്പിക്കുന്ന നാടകരൂപം ഏത്?
   (നൃത്തനാടകം, തെരുവുനാടകം, റേഡിയോ നാടകം, പാവനാടകം)
5. ഇന്ത്യയുടെ തനത് രചനാരീതി ഉൾപ്പെടുത്തി സ്വദേശി ചിത്രകലാപ്രസ്ഥാനം ആരംഭിച്ച ബംഗാളി ചിത്രകാരൻ ആര്?
   (എം.എഫ്. ഹുസൈൻ, എ.രാമചന്ദ്രൻ, അബനീന്ദ്രനാഥ ടാഗോർ, വിവാൻ സുന്ദരം)
6. ഞെരളത്ത് രാമപ്പൊതുവാൾ ഏത് സംഗീതരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   (സോപാനസംഗീതം, മാപ്പിളപ്പാട്ട്, സിനിമാഗാനം, പാശ്ചാത്യസംഗീതം)


**7,8 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **(1 x 2 = 2)**

7. താഴെ കൊടുത്തിരിക്കുന്ന ചിത്രവുമായി ബന്ധപ്പെട്ട ഗാനശാഖ കണ്ടെത്തി എഴുതുക.

എ)



ബി)



8. കേരളത്തിലെ രണ്ട് നാടൻ നൃത്തരൂപങ്ങളുടെ പേര് എഴുതുക?

**9 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** **(2 x 3 = 6)**

9. ആറ് വ്യത്യസ്ത ഇനം ഇലകൾ വരച്ച് നിറം നൽകുക.
10. നിങ്ങൾക്കിഷ്ടമുള്ള ഒരു നാടൻപാട്ടിന്റെ 4 വരികൾ വായ്ത്താരി ഉൾപ്പെടെ എഴുതുക.
11. യോജിച്ചവ തിരഞ്ഞെടുത്തെഴുതു.

| | | |
|---|---|---|
| എ) | ഭരതനാട്യം | ആന്ധ്രാപ്രദേശ് |
| ബി) | മോഹിനിയാട്ടം | തമിഴ്നാട് |
| സി) | കുച്ചിപ്പുഡി | കേരളം |

12. സ്കൂൾ വിട്ടു.....
   നല്ല മഴ...... കുടയെടുക്കാൻ മറന്ന കുട്ടി മഴയത്ത് വീട്ടിലേക്ക് ഓടിപ്പോയി.
   മഴനനഞ്ഞ് സ്കൂളിൽ നിന്ന് വന്ന കുട്ടിയും അമ്മയും തമ്മിലുള്ള സംഭാഷണം നാടക രൂപത്തിൽ എഴുതുക.

**13, 14 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.** **(1 x 3 = 3)**

13. കുട്ടി ഒരു കടലാസുതോണി നിർമ്മിച്ച് ഒഴുകുന്ന വെള്ളത്തിലേക്കിടുന്നു. ഒഴുക്കിൽപ്പെട്ടുപോയ ഒരു ഉറുമ്പ് തോണിയിലേക്ക് കയറിപ്പറ്റുന്നു. ഒഴുക്കിനിടയിൽ തോണി കരയോട് ചേർന്നു നിൽക്കുന്ന ഇലക്കൂട്ടങ്ങൾക്കിടയിൽ തങ്ങിനിൽക്കുന്നു. പെട്ടെന്ന് ഉറുമ്പ് ഇലക്കൂട്ടങ്ങളിൽ കയറി രക്ഷപ്പെടുന്നു. സന്ദർഭത്തിനനുയോജ്യമായ ചിത്രങ്ങൾ വരച്ച് നിറം കൊടുക്കുക.

14. ചേരുംപടി ചേർക്കുക.

എ)  ഇലത്താളം

ബി)  ചെണ്ട

സി)  ഉടുക്ക്

## പ്രവൃത്തിപഠനം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** **(4 x 1 = 4)**

1. കിണർശുചീകരണ പ്രക്രിയയിൽ ഒരു റിംഗ് ജലത്തിൽ ഉപയോഗിക്കുന്ന ബ്ലീച്ചിംഗ് പൗഡറിന്റെ അളവ് എത്ര?

   (ഒരു തീപ്പെട്ടിഅടപ്പ്, രണ്ട് തീപ്പെട്ടി അടപ്പ്, മൂന്ന് തീപ്പെട്ടി അടപ്പ്, നാല് തീപ്പെട്ടി അടപ്പ്)

2. കോളിഫ്ളവറിന്റെ ഏത് ഭാഗമാണ് ഭക്ഷ്യയോഗ്യമായത്?

   (ഇല, തണ്ട്, പൂവ്, വേര്)

3. താഴെകൊടുത്തിരിക്കുന്നവയിൽ പന്തൽ കെട്ടി പടർത്താത്ത കൃഷി ഇനം ഏത്?

   (പടവലം, മുന്തിരി, കോവൽ, വഴുതന)

4. താഴെകൊടുത്തിരിക്കുന്നവയിൽ ജലസംരക്ഷണ മാർഗം അല്ലാത്തത് ഏത്?


   (മഴവെള്ള സംഭരണി, മഴവെള്ളം കിണറിലേക്ക്, മഴവെള്ളം പുഴയിലേക്ക്, മഴക്കുഴി)

5. നിലം പാകപ്പെടുത്തി, പച്ചക്കറി വിത്ത് വിതയ്ക്കുമ്പോൾ മഞ്ഞൾപ്പൊടി വിതറുന്നത് എന്തിന്?

   (പക്ഷികൾ വരാതിരിക്കാൻ, ഉറുമ്പും കീടങ്ങളും വരാതിരിക്കാൻ, മൃഗങ്ങൾ വരാതിരിക്കാൻ, വെയിൽ ഏൽക്കാതിരിക്കാൻ)

6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ നാല് എണ്ണത്തിന് ഉത്തരമെഴുതുക. (4 x 2 = 8)

6. ചിത്രത്തിൽ കാണുന്ന ഔഷധസസ്യങ്ങൾ തിരിച്ചറിഞ്ഞ് പേരെഴുതുക?

1



2


3


4


7. പച്ചക്കറികളിലെ വിഷാംശം നീക്കം ചെയ്യാനുള്ള മാർഗം വിശദമാക്കുക.

8. പദസൂര്യൻ പൂർത്തിയാക്കുക.




9. ചേരുംപടി ചേർക്കുക

| A | B |
|---|---|
| എ) ഡ്രൈഡേ | - പുകയില കഷായം |
| ബി) ജൈവ കീടനാശിനി | - മലിനജലം |
| സി) ജൈവവളം | - കൊതുക് നിവാരണം |
| ഡി) മഞ്ഞപ്പിത്തം | - ചാണകം |

10. താഴെ തന്നിരിക്കുന്നവയിൽ ധാന്യങ്ങൾ, കിഴങ്ങുവർഗങ്ങൾ എന്നിവ പട്ടികപ്പെടുത്തുക.
(ചേന, വൻപയർ, ഗോതമ്പ്, ചേമ്പ്, ഉഴുന്ന്, മരച്ചീനി, കാച്ചിൽ, നെല്ല്)

11, 12 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. (1 x 3 = 3)

11. ചുറ്റുപാടിൽ നിന്നു ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഒരു ലഘുപോഷകാഹാരത്തിന്റെ നിർമ്മാണ രീതി വിവരിക്കുക.

12. കൊതുക് നിവാരണത്തിനായി സ്വീകരിക്കാവുന്ന മാർഗങ്ങൾ വിശദീകരിക്കുക.